**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 699** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വനഭൂമി സംരക്ഷണം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. ജി. സ്റ്റീഫൻ | ശ്രീ. ഷിബു ബേബി ജോൺ<br>(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി) |

**(എ)** നശിച്ചുകൊണ്ടിരിക്കുന്ന വനഭൂമി സംരക്ഷിക്കുന്നതിനും മരം നട്ടുപിടിപ്പിക്കുന്നതിനും മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വേണ്ടി 2021 - 2022 മുതൽ 2025 - 26 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ സ്വീകരിച്ച നടപടികളും അവയ്ക്കുവേണ്ടി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

**<u>മറുപടി:</u> നശിച്ചുകൊണ്ടിരിക്കുന്ന വനഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടികൾ:**

തദ്ദേശീയ ഇനങ്ങളിലുള്ള മരങ്ങൾ നട്ടുപിടിപ്പിക്കുകയും ആവാസവ്യവസ്ഥക്ക് ദോഷകരമായതും, വ്യാവസായികാടിസ്ഥാനത്തിൽ കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ വിദേശ വൃക്ഷങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനമായി പുനഃസ്ഥാപിക്കുന്നതിനുള്ള നയരേഖ 2021-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. വനത്തിന്റെ സ്വാഭാവിക വളർച്ചയെ ബാധിക്കുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്യുകയും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെയും വനാഗ്നി പ്രതിരോധ പ്രവർത്തനങ്ങളിലൂടെയും നശിച്ചുകൊണ്ടിരിക്കുന്ന വനഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നശിച്ചുകൊണ്ടിരിക്കുന്ന വനഭൂമി സംരക്ഷിക്കുന്നതിനായി വിവിധ പദ്ധതികളിൽ 2021-2022 മുതൽ 2025-26 വരെ ചെലവഴിച്ച തുക സംബന്ധിച്ച വിവരം **അനുബന്ധം -1** ആയി ചേർക്കുന്നു.

അതോടൊപ്പം വനവിസ്തൃതിയും വനസമ്പത്തും വർദ്ധിപ്പിക്കുക, ശോഷിച്ച വനമേഖലയെ പുനരുജ്ജീവിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനം തടയുക, സാമൂഹിക വനവൽക്കരണം, കാർഷിക വനവൽക്കരണം എന്നിവ വിപുലീകരിക്കുക, തണ്ണീർത്തട സംരക്ഷണം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇന്ത്യാമിഷൻ (GIM) നടപ്പാക്കിവരുന്നുണ്ട്. വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ വനത്തിന്റെ വിസ്തീർണ്ണവും ഗുണനിലവാരവും വർദ്ധിപ്പിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. കൂടാതെ വന സംരക്ഷണം, ജൈവ-വൈവിധ്യ സംരക്ഷണം, വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം തുടങ്ങിയ ബഡ്ജറ്റ് ശീർഷകങ്ങളിലൂടെയും വനസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

**മരം നട്ടുപിടിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ:**

2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഘനതടി വർഗ്ഗങ്ങൾ, വ്യാവസായിക അസംസ്കൃത വസ്തുക്കളുടെ മാനേജ്മെന്റ്, തേക്ക് റിവോൾവിംഗ് ഫണ്ട്, പൾപ്പ് വുഡ് റിവോൾവിംഗ്

ഫണ്ട് തുടങ്ങിയ പദ്ധതികളിലൂടെ സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനത്തിന്റെ ഭാഗമായും നിലവിലുള്ള തോട്ടങ്ങളുടെ പുനർവനവൽക്കരണത്തിന്റെ ഭാഗമായും 2888.38 ഹെക്ടർ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെ ചിലവഴിച്ച തുക സംബന്ധിച്ച വിവരം **അനുബന്ധം -2** ആയി ചേർക്കുന്നു.

കൂടാതെ നബാർഡ്, CAMPA, ഗ്രീൻ ഇന്ത്യാമിഷൻ തുടങ്ങിയ ബഡ്ജറ്റ് ശീർഷകങ്ങളിലൂടെയും മരം നട്ടുപിടിപ്പിക്കൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ:**

07/03/2024- ലെ സ.ഉ. (കൈ) നം. 4/2024/DMD പ്രകാരം വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. അതിനെ തുടർന്ന് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സംസ്ഥാനതല എമർജൻസി ഓപ്പറേഷൻ സെന്ററും (SFEOC), ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും (DFEOCs) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 372.796 ലക്ഷം രൂപയും RRT കളുടെ ശാക്തീകരണത്തിനായി 3 കോടി രൂപയും വെറ്ററിനറി യൂണിറ്റിന്റെ ശാക്തീകരണത്തിനായി 134 ലക്ഷം രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിക്കുകയും സംഘർഷ ലഘൂകരണ പ്രവൃത്തികൾ നിറവേറ്റി വരുന്നതുമാണ്. 2024-25 കാലയളവിൽ പുതുതായി 9 RRT കളും വിവിധ പഞ്ചായത്തുകളിലായി 327 PRT കളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. മനുഷ്യ വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്ട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻസ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ജനവാസ മേഖലയോട് ചേർന്നുള്ള വനപ്രദേശങ്ങളിലും സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവിടങ്ങളിലും അടിക്കാടുകൾ വെട്ടിമാറ്റി (വിസ്റ്റ ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനം 2000 രൂപയായും വർദ്ധിപ്പിച്ചു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള മന്ത്രിതല സമിതിയും, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ഉദ്യോഗസ്ഥ സമിതിയും അതാത് ജില്ലകളിൽ ജില്ലാ കളക്ടറും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ജില്ലാതലസമിതികളും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജനജാഗ്രത സമിതികളും രൂപീകരിച്ചിട്ടുണ്ട്. കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗ് നടത്തിവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനും പ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുന്നതിനും MRMAC (State Scheme), Relief to Victim (Non-Plan) (State Scheme) എന്നീ പദ്ധതികളിലൂടെ 2021-2026 കാലയളവിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം **അനുബന്ധം -3** ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ